സി. എം. ചാത്തുവിന്റെ സമുദായ സേവനത്തെപ്പറ്റി എഴുതീട്ടുള്ള അഭിപ്രായത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമോ?

രാമവമ്മതമ്പുരാൻ.—മിസ്റ്റർ മത്തായി ഇങ്ങിനെയൊരഭിപ്രായം എഴുതിയതായി കാണുന്നില്ല.

Allowance to Wardens of Colonies.

127. മിസ്റ്റർ കെ. പി. വള്ളോൻ.—കാളനി വാർഡന്മാർക്കു മാസം എന്തു അലവൻസു കൊടുക്കുന്നുണ്ട്?

രാമവമ്മതമ്പുരാൻ.—മാസത്തിൽ ഒ ക., വ ക., ഫ ഠ കഃ വീതം കാളനിയുടെ വലിപ്പം പോലെ അലവൻസ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവക്ക് ട്രാവലിംഗ് അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം, നിശ്ചയമില്ല.

Examination—Depressed class Students.

128. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികളുടെ പരിക്ഷയെ സംബന്ധിച്ച് ഫ ഫ ഠ വ-ൽ അധഃകൃതസംരക്ഷകൻ തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അവർകൾക്ക് അയച്ചിട്ടുള്ള കത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമൊ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒരു കത്തും അയച്ചിട്ടില്ല.

Taking Poison—Nettur Ullada Colony.

129. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ നിവസിക്കുന്ന ഒരാൾ രസം (വിഷം) കുടിക്കാനുണ്ടായ രഹസ്യത്തെപ്പറ്റി വാർഡൻ സംരക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാപ്പി സദയം മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മതമ്പുരാൻ.—ഉണ്ട്. അതിന്റെ കാപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix VI.*)

മിസ്റ്റർ സി. എ. ഒസേപ്പ്.—രസം കഴിച്ചതിന്റെ ഫലമെന്തായി?

രാമവമ്മതമ്പുരാൻ—നോട്ടീസു വേണം.

Ill-treatment of a Pulaya at Narakkal.

130. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഞാറക്കൽ നിവാസിയായ ഒരു അധഃകൃതനെ സ്ഥലത്തെ ഒരു കുസ്തിക്കാരി അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചു കൊണ്ടുപോയി ദേഹോപദ്രവം ചെയ്തതായി ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടോ;

(b) ടി അധഃകൃതൻ ഹർജി കൊടുത്ത കാരണവും പറഞ്ഞു വീണ്ടും ദേഹോപദ്രവം ചെയ്യാൻ ശ്രമിച്ചിരിക്കുന്ന വിവരം ഞാറ

LIBRARY ARCHIVES Kerala Legislative Assembly